**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എത്ര പ്രോപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ; അവയിൽ ഏതൊക്കെ അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ശ്രീകണ്ഠപുരം കോട്ടൂർവയൽ എന്ന സ്ഥലത്ത് റേഷൻകട അനുവദിക്കുന്നതിന് ശിപാർശ ലഭിച്ചത് പരിശോധിച്ചു വരുന്നു. മറ്റ് ശിപാർശകളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | ഉളിക്കൽ പഞ്ചായത്തിൽ മുണ്ടാന്നൂർ എന്ന സ്ഥലത്ത് നിലവിൽ റേഷൻ കടയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നാന്നൂറോളം റേഷൻ കാർഡ് ഉടമകളും രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലായി തൊണ്ണൂറോളം കുടുംബങ്ങളുമുള്ള മുണ്ടാന്നൂർ എന്ന സ്ഥലത്തെ നിവാസികൾ മൂന്ന് കിലോമീറ്ററോളം യാത്ര ചെയ്ത് നുച്യാട് എന്ന സ്ഥലത്തുള്ള റേഷൻ കടയെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മുണ്ടാന്നൂരിൽ പുതിയ റേഷൻ കട തുടങ്ങുന്നത് പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനാർഹമല്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ